**വളരെ അടിയന്തരം**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

ആരോഗ്യ കുടുംബക്ഷേമ(എൻ) വകുപ്പ്

നമ്പർ.HFW-N2/477/2024-Health 09-05-2025,തിരുവനന്തപുരം

പ്രേഷകൻ

അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

ആരോഗ്യ വകുപ്പ് ഡയറക്ടർ

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ

സർ,

വിഷയം:- ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കേന്ദ്ര ഗവൺമെന്റ് നോട്ടിഫിക്കേഷൻ പ്രകാരം നിരോധിച്ച മരുന്നുകൾ, ബഹു.ഹക്കോടതിയുടെ WP(C) 32556/2024 നം.കേസിലെ ഇടക്കാല ഉത്തരവിന്റെ വെളിച്ചത്തിൽ വിതരണം ചെയ്യുന്നതിന് അനുമതി നൽകണമെന്ന ആവശ്യം - സംബന്ധിച്ച്

സൂചന:- 1.കേന്ദ്ര സർക്കാരിന്റെ 12.08.2024 ലെ വിജ്ഞാപനം.

2.ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 08.12.2024, 03.04.2025 തീയതികളിലെ DHS/27608/2024-MSA2 നം.കത്ത്.

3.കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ മാനേജിംഗ് ഡയറക്ടറുടെ 09.01.2025 ലെ KMSCL/QC/158222/2024 നം.കത്ത്.

4.കേരള ഗവ.ഫാർമസിസ്റ്റ് അസോസിയേഷൻ സമർപ്പിച്ച 23.01.2025 ലെ നിവേദനം.

5.ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ 27.03.2025 ലെ DC/1477/2025-L നം.കത്ത്.

6.മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 29.03.2025 ലെ സി3/2097/2025/മെ.വി.വ. നം. കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. Mixture Carminative (Drug code D 20013, Mixture Expectorant (Drug code D 03009) എന്നീ മരുന്നുകളിലെ പല ഘടകങ്ങളും മനുഷ്യരിലെ ആന്തരിക ഉപയോഗത്തിന് സുരക്ഷിതമല്ല എന്ന് expert committee-യുടെയും Drug Technical advisory board-ന്റെയും നിർദേശം ലഭ്യമായതിനാലാണ് പ്രസ്തുത മരുന്നുകൾ കേന്ദ്ര സർക്കാർ വിജ്ഞാപന പ്രകാരം നിരോധിക്കപ്പെട്ടത്. Liquid Oral formulation ആയത് കൊണ്ട് രോഗികൾ അമിത അളവിൽ ഇത് ഉപയോഗിക്കാൻ സാധ്യത ഏറെയാണ്. പ്രസ്തുത മരുന്നുകൾ നിലവിൽ ഒരു രോഗത്തിന്റെയും drug of choice അല്ലാത്തതിനാലും ഇവയേക്കാൾ

സുരക്ഷിതമായ മറ്റ് മരുന്നുകൾ ലഭ്യമായതിനാലും ആണ് ഇവ നിരോധിക്കപ്പെട്ടത്. ആയതിനാൽ മനുഷ്യരിലെ ഉപയോഗത്തിന് സുരക്ഷിതമല്ല എന്ന് കണ്ടെത്തിയിട്ടുള്ളതും കേന്ദ്ര സർക്കാർ വിജ്ഞാപന പ്രകാരം നിരോധിക്കപ്പെട്ടിട്ടുള്ളതുമായ പ്രസ്തുത മരുന്നുകൾ ആശുപത്രികളിൽ നിന്ന് രോഗികൾക്ക് വിതരണം ചെയ്യേണ്ടതില്ല എന്ന് നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,

BINDU O

അണ്ടർ സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by

Nycy S

സെക്ഷൻ ഓഫീസർ

Date: 09-05-2025 16:00:51